19/11/21....... 06/11/21


**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**

**തിരുവനന്തപുരം 695 001**

**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**

Email sic.ker@nic.in


**ഹർജി നമ്പർ CP.No.1012(4)/2019/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.13048/SIC-Gen 2/2019**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പി. ശിവൻ,
സരസ്വതി നിവാസ്,
അരുക്കുറ്റി പി.ഒ.,
ആലപ്പുഴ - 688 535. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ് ക്ലാർക്ക്,
ബ്ലോക്ക് പഞ്ചായത്ത്, തൈക്കാട്ടുശ്ശേരി,
ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്,
പാണാവള്ളി പി.ഒ., ആലപ്പുഴ - 688 526. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08.07.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 12.07.2019 |
| പരാതി ഹർജി കമ്മീഷനിൽ നൽകിയ തീയതി | 01.08.2019 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 03.08.2019 |

## ഉത്തരവ്

പരാതി ഹർജിക്കാരൻ എതിർകക്ഷിയുടെ നിയന്ത്രണത്തിലുള്ള അരുക്കുറ്റി CHCയിൽ നിന്നുള്ള ചില വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 05.11.2021ൽ ആലപ്പുഴ ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ഹിയറിങ്ങ് നടത്തി. പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായി.

3. ആദ്യം ലഭിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ തന്റെ ഓഫീസിൽ ലഭ്യമല്ലായിരുന്നുവെന്നും, ആയത് അരുകുറ്റി CHCയിൽ നിന്ന് ലഭിക്കേണ്ടതായിരുന്നുവെന്നും, അതുകൊണ്ടാണ് അവിടെ നിന്ന് അപേക്ഷ നൽകി വാങ്ങാവുന്നതാണെന്ന് മറുപടി നൽകിയതെന്നും എതിർകക്ഷി പറഞ്ഞു.

4. ഇതിനുശേഷം 01.06.20ൽ പരാതി ഹർജിക്കാരൻ വീണ്ടും അപേക്ഷ നൽകിയെന്നും, അത് 04.06.2020ൽ CHCക്കു കൈമാറുകയും, CHCയിൽ നിന്ന് 10.06.20ന് മറുപടി നൽകുകയും ചെയ്തുവെന്ന് ടിയാൻ പറഞ്ഞു. ടി മറുപടിയുടെ പകർപ്പും കമ്മീഷൻ മുമ്പാകെ ടിയാൻ ഹാജരാക്കി. നിലവിൽ അപേക്ഷകന് പരാതിയില്ലെന്നും എതിർകക്ഷി പറഞ്ഞു.

5. എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. മറുപടി നൽകി എന്നത് ശരി തന്നെ. പക്ഷെ ആദ്യം അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം CHCക്കു കൈമാറാതിരുന്നത് എതിർകക്ഷിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ഇത് ബോധപൂർവം വരുത്തിയ വീഴ്ചയല്ല എന്ന എതിർകക്ഷിയുടെ വാദം കമ്മീഷൻ അംഗീകരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മറ്റു നടപടികളിലേക്ക് കടക്കുന്നില്ല.

6. ഇതിന്റെ അടിസ്ഥാനത്തിൽ പരാതി ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 06.11.2021ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

gk.